LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനും വേണ്ട പരിശീലനങ്ങൾ കേരളത്തിനകത്തും പുറത്തുമുള്ള പരിശീലന കേന്ദ്രങ്ങളിൽ നൽകിവരുന്നു. എം.ഒ.പി.എഫ്. സ്കീം പ്രകാരം വിവിധ വർഷങ്ങളിൽ നടത്തിയ പരിശീലന പദ്ധതികൾക്കായി വാങ്ങിയ ഉപകരണങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നുണ്ട്.

(സി) ജനമൈത്രി പോലീസ് പദ്ധതി വിജയകരമായി ആവിഷ്കരിച്ച് നടപ്പിലാക്കിയതുവഴി സംസ്ഥാന പോലീസ് ഇന്ത്യയിലെ തന്നെ, മാതൃകാ പോലീസ് ആയി പ്രധാനപ്പെട്ട മാധ്യമങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്ക് നേരെ നടന്ന അതിക്രമങ്ങൾ

133(5722) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്ക് നേരെ നടന്ന അതിക്രമങ്ങളുടെ പേരിൽ എത്ര പരാതികൾ ലഭിച്ചു ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; എത്ര പേരെ അറസ്റ്റ് ചെയ്തു ; പട്ടികജാതി, പട്ടികവർഗ്ഗം, വർഷം, ജില്ല എന്നിവ തിരിച്ചുള്ള വിശദാംശം നൽകുമോ ;

(ബി) ഈ കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർ കൊലപ്പെടുകയുണ്ടായി ; പട്ടികജാതി-പട്ടികവർഗ്ഗം, വർഷം, ജില്ല എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർ പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ടിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(ഡി) ഈ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേരെ വിവിധ കുറ്റങ്ങൾക്ക് പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട് ; വിട്ടയച്ചശേഷം ഇതിൽ എത്രപേർ പിന്നീട് ആത്മഹത്യചെയ്യുകയോ ആശുപത്രിയിൽ മരിക്കുകയോ, ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) ഈ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളോടുള്ള അതിക്രമത്തിന്റെ പേരിൽ എത്ര പോലീസുകാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

ഉത്തരം

(എ) ലഭിച്ച പരാതികൾ - 4285

രജിസ്റ്റർ ചെയ്ത കേസ്സുകൾ - 3938

അറസ്റ്റു ചെയ്തവർ - 3114

വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) 49 പേർ കൊല്ലപ്പെടുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ആരും പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ടിട്ടില്ല.

(ഡി) 1753 പേരെ വിവിധ കുറ്റങ്ങൾക്ക് പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. വിട്ടയച്ചശേഷം ഇതിൽ ആരും പിന്നീട് ആത്മഹത്യ ചെയ്തിട്ടില്ല. ഒരാൾ ആശുപത്രിയിൽവച്ച് മരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. *

(ഇ) 6 പോലീസുകാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

134(5723) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ സ്കൂളുകൾ ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ബി) കന്ദമംഗലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് പുതുതായി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ നൽകിയിട്ടുള്ളത് ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ പുതിയ സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly